ഭരണഭാഷ-മാതൃഭാഷ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കന്ററിവിദ്യാഭ്യാസം),
ഉള്ളൂർ ലെയിൻ,
ജഗതി, തിരുവന്തപുരം
ഇമെയിൽ-cgacdhse@gmail.com
ഫോൺ നമ്പർ-0471-2580737

**സി.ജി.&എ.സി-3/7512/2025/എച്ച്.എസ്.ഇ തീയ്യതി:09-05-2025**

## സർക്കുലർ

പത്താം ക്ലാസ്സ് വിജയിച്ച കുട്ടികൾക്ക് ഹയർസെക്കണ്ടറി ഉൾപ്പെടെയുള്ള വിവിധ കോഴ്സുകൾ പരിചയപ്പെടുത്തുവാനും പ്രസ്തുത കോഴ്സുകളുടെ തുടർപഠന സാധ്യതകളെക്കുറിച്ച് അവബോധം നൽകുന്നതിനായും 13/05/2025 -ൽ 10.00 AM മുതൽ 1.00 PM വരെ ഒരു സെഷൻ' സംസ്ഥാനത്തെ എല്ലാ ഹയർസെക്കണ്ടറി സ്കൂളുകളിലും വച്ച് നടത്തുന്നതായി അറിയിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികൾക്കും സമീപത്തുള്ള ഹയർസെക്കണ്ടറി സ്കൂളുകളിൽ പങ്കെടുക്കാവുന്നതാണ്.

**"സെഷൻ' നടത്തുന്നതിനായി കരിയർ ഗൈഡുമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.ഫോക്കസ് പോയിൻ്റ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് എൻ.എസ്.എസ്, സ്കൗട്ട്സ് & ഗൈഡ്സ്, എൻ.സി.സി, എസ്.പി.സി എന്നിവയുടെ ചാർജുള്ളവർ ഉൾപ്പെടെയുള്ള അധ്യാപകരുടെ പങ്കാളിത്തവും ആവശ്യമായ ക്രമീകരണങ്ങളും പ്രിൻസിപ്പാൾ ഉറപ്പു വരുത്തേണ്ടതാണ്. പത്താം ക്ലാസ്സ് പാസ്സായ മുഴുവൻ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും പങ്കെടുപ്പിക്കാൻ ഹെഡ്മാസ്റ്റർ/വൈസ് പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ്.എല്ലാ സ്കൂളുകളിലും ടി പ്രോഗ്രാം നടക്കുന്നുണ്ടെന്ന കാര്യം ആർ.ഡി.ഡി മാർ ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ എതെങ്കിലും സ്കൂളുകളിൽ ടി പ്രോഗ്രാം നടക്കാതെയുണ്ടെങ്കിൽ അക്കാര്യം ഡയറക്ടറേറ്റിനെ അറിയിക്കേണ്ടതാണ്.**

Signed by
DIRECTOR Shanavas S
Date: 09-05-2025 12:22:25
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1.എല്ലാ ആർ.ഡി.ഡിമാർക്കും

2.എല്ലാ ഡി.ഡിമാർക്കും

3.എല്ലാ പ്രിൻസിപ്പൽമാർക്കും/ഹെഡ്മാസ്റ്റർ/വൈസ് പ്രിൻസിപ്പൽമാർക്കും